**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3642** **05-08-2021 - ൽ മറുപടിയ്ക്ക്**

**തെരുവുവിളക്കുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തെ സമ്പൂർണ്ണ തെരുവ് വിളക്ക് സൗകര്യമുള്ള സംസ്ഥാനമാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുകയെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ തെരുവുവിളക്കുകൾ പൂർണ്ണമായും LED ബൾബുകളിലേയ്ക്ക് മാറ്റുകവഴി ഊർജ്ജ ഉപഭോഗവും പരിസ്ഥിതി ആഘാതവും കുറച്ചുകൊണ്ട് ഊർജ്ജലാഭം നേടുക എന്ന ലക്ഷ്യത്തോടെ "നിലാവ്" എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആവശ്യപ്രകാരമാണ് കെ. എസ്. ഇ. ബി. എൽ തെരുവുവിളക്കുകൾ സ്ഥാപിച്ച് നൽകുന്നത്. |
| (ബി) | പ്രസ്തുത പദ്ധതിക്ക് സൗരോർജ്ജ സൗകര്യം കൂടി ഉപയോഗപ്പെടുത്തുമോ;എങ്കിൽ ഇതിന് എന്തെല്ലാം സാധ്യതകളാണ് പ്രയോജനപ്പെടുത്തുകയെന്ന് വിശദമാക്കാമോ; | (ബി) | കേരളത്തിലുടനീളം സ്ഥാപിച്ചിട്ടുള്ള 10.5 ലക്ഷത്തോളം പരമ്പരാഗത തെരുവുവിളക്കുകൾ മാറ്റി ഊർജ്ജ ക്ഷമതയുള്ളതും ഏഴ് വർഷം വാറണ്ടി ഉള്ളതുമായ പരിസ്ഥിതി സൗഹൃദ LED വിളക്കുകൾ സ്ഥാപിച്ച് നൽകുന്ന തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ നിലാവ് പദ്ധതിയാണ് നിലവിൽ കെ.എസ്.ഇ.ബി.എൽ നടപ്പിലാക്കി വരുന്ന പദ്ധതി. ഈ പദ്ധതിയിൽ സൗരോർജ്ജം മാത്രമായി നേരിട്ട് ഉപയോഗപ്പെടുത്തുന്നതിനുള്ള സൗകര്യം ഇല്ല. |
| (സി) | കൂത്തുപറമ്പ് നിയോജക മണ്ഡലത്തിൽ സമ്പൂർണ്ണ തെരുവ് വിളക്ക് സൗകര്യം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നടപടികളും പദ്ധതികളും എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (സി) | കൂത്തുപറമ്പ് നിയോജക മണ്ഡലത്തിൽ 'നിലാവ്' പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ